ഇപ്പോൾ ഉപ്പുവെള്ളം കയറി കെട്ടിക്കിടന്ന് തെങ്ങിന്റെ മണ്ട ചീഞ്ഞ് പോയിരിക്കുകയാണ്. അതുപോലെ തുറവൂർ കരിനില വികസന ഏജൻസി അവിടെ നടക്കുന്നുണ്ട്. അവിടെയും പള്ളിത്തോടു വരെയുള്ള കരിനിലങ്ങളിൽ ഉപ്പുവെള്ളം കയറിയിരിക്കുന്നു. കളക്ടറോട് പറഞ്ഞുനോക്കി. അവിടെ ഷട്ടർ അടയ്ക്കാൻ ടെണ്ടർ വിളിക്കും. പക്ഷേ ആരും ടെണ്ടർ പിടിക്കാൻ കാണുകയില്ല. കാരണം ആളുകൾക്ക് കാശ് കൊടുക്കുകയില്ല. ഈ അന്ധകാരനഴി മണ്ണിട്ടാൽ അടയുകയില്ല. അടച്ചാൽ തന്നെ മഴയും വലിയ വെള്ളപ്പൊക്കവും വന്നാൽ മാത്രമേ ഉപ്പുവെള്ളം തീരുകയുള്ളൂ. ഇത് ഒന്ന് ശരിയാക്കിത്തരണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): സർ, അന്ധകാരനഴി റെഗുലേറ്ററിൽ തെക്കും വടക്കുമായി 10 ഷട്ടറുകൾ വീതമാണ് ഉള്ളത്. 25-1-1999-ൽ റഗുലേറ്റർ അടച്ചപ്പോൾ 7 ഷട്ടറുകളിൽ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥിതിയായിരുന്നു. അടച്ച് കഴിഞ്ഞ ഷട്ടറിൽ വെള്ളത്തിന്റെ തള്ളൽ ഉണ്ടായപ്പോൾ തെക്കുവശത്ത് പലക ഉപയോഗിച്ച് താൽക്കാലികമായി ഷട്ടർ അടച്ച് വച്ചു. അത് രണ്ട് ദിവസം കഴിഞ്ഞപ്പോൾ വീണ്ടും തള്ളിപ്പോയി. തെക്കുവശത്തുള്ള രണ്ടും വടക്കുവശത്തുള്ള ഒരു ഷട്ടറിൽ കൂടിയുമാണ് വെള്ളം കയറിയത്. അതുമൂലം കടലും റഗുലേറ്ററും ചേരുന്നിടത്ത് മണൽത്തിട്ട ഉണ്ടാകാറില്ല. ഈ ഒഴുക്ക് നിൽക്കാതെ മണൽത്തിട്ട രൂപപ്പെടുകയില്ല. ഇപ്പോൾ ജില്ലാ പഞ്ചായത്തുവഴി ഇത് നന്നാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 3.47 ലക്ഷം രൂപയാണ് ഇതിന് വേണ്ടത്. നേരത്തെ ടെണ്ടർ ചെയ്തപ്പോൾ ആരും എടുക്കാത്തതുകൊണ്ട് ഒരു ജനകീയാസൂത്രണ കമ്മിറ്റിയെ കൊണ്ട് എഗ്രിമെന്റ് ഒപ്പിടുവിച്ചിട്ടുണ്ട്. 15 ദിവസത്തിനകം ഷട്ടർ മാറ്റിയിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) മോട്ടോർ തൊഴിലാളി ഫെഡറേഷന്റെ സെക്രട്ടേറിയറ്റ് ധർണ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 10 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മോട്ടോർ വ്യവസായ രംഗത്തെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് ഇന്ന് സംസ്ഥാന വ്യാപകമായി മോട്ടോർ തൊഴിലാളി ഫെഡറേഷന്റെ (AITUC) നേതൃത്വത്തിൽ സമരം നടത്തുകയാണ്. അതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിലും വിവിധ ജില്ലാ കളക്ടറേറ്റുകളുടെ മുൻപിലും പ്രകടനവും ധർണയും നടക്കുകയാണ്. 1986-ൽ തുടങ്ങിയ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രധാനമായും സ്വകാര്യബസിലെ തൊഴിലാളികൾ മാത്രമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. പതിനായിരം ബസിൽ നിന്നും ഏകദേശം നാൽപ്പതിനായിരത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 30 ശതമാനം തൊഴിലാളികൾ, മറ്റു മേഖലകളിലെ ലോറി, ടാക്സി തുടങ്ങിയ ലൈറ്റ് മോട്ടോർ വാഹനങ്ങളിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തുടങ്ങിയ മേഖലകളിലെ വളരെ കുറച്ച് തൊഴിലാളികൾ മാത്രമാണ് ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. ഇവരിൽ നല്ല ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടേയും അംശദായം പിരിച്ചെടുക്കാൻ കഴിയുന്നില്ല. അതിന്റെ ഫലമായി പല ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ തടസ്സം നേരിടുന്നുണ്ട്. മോട്ടോർ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി ബോർഡ് ആവിഷ്ക്കരിച്ചുവെങ്കിലും സർക്കാരിന്റെ ഭാഗത്തു നിന്നും ഇതിനാവശ്യമായ നിയമ ഭേദഗതി വരുത്താത്തതുമൂലം ഇവർക്ക് പെൻഷൻ ലഭിക്കുന്നില്ല. ഏക ദേശം എണ്ണായിരത്തോളം തൊഴിലാളികൾ പിരിഞ്ഞ് പോയിട്ടുണ്ട്. മിനിമം 150 രൂപ പെൻഷൻ നൽകാനുള്ള തീരുമാനം എത്രയും വേഗം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫെയർ വേജസ് നടപ്പിലാക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ഇന്ന് ഉണ്ടായിട്ടുള്ളത്. ലൈറ്റ് മോട്ടോർ തൊഴിലാളികൾക്ക് മിനിമം കൂലി പ്രഖ്യാപിച്ചത് ഈ സർക്കാരാണ്. തൊഴിലാളികൾക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിനോട് നന്ദി രേഖപ്പെടുത്തുന്നു. ഈ തൊഴിലാളികൾക്ക് പ്രത്യേകമായ ക്ഷേമനിധി നടപ്പിലാക്കണമെന്നും ആവശ്യപ്പെടുന്നു. വർക്കുഷോപ്പ് ജീവനക്കാരെകൂടി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കണം. മോട്ടോർ തൊഴിലാളികളുടെ ജോലിസ്ഥിരത, ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണ മെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മോട്ടോർ തൊഴിലാളി പെൻഷൻ നൽകുന്നതിനായി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തുന്നതിന് ഈ സമ്മേളനത്തിൽ തന്നെ ബിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തൊഴി ലാളികളുടേയും തൊഴിലുടമകളുടേയും സഹകരണം ലഭ്യമാക്കി ജില്ലാതല ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും യഥാസമയം നൽകുന്നുണ്ട്. കൂടാതെ സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കോഴ്സുകൾ പദ്ധതിയിൽ ഉൾപ്പെടുത്താനും തൊഴിലാളി മരണമടയുകയാണെങ്കിൽ ആശ്രിതർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം 25000 രൂപ ആയി ഉയർത്താനും നടപടി സ്വീകരിച്ച് വരുകയാണ്. ക്യാൻസർ, ക്ഷയം, തളർവാതം, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങിയ മാരകമായ രോഗങ്ങൾക്ക് ചികിൽസയ്ക്കായി തിരിച്ചട ക്കേണ്ടതില്ലാത്ത ധനസഹായമായി പരമാവധി 25000 രൂപ നൽകാൻ നടപടി യെടുത്തുവരുന്നു. ബോർഡിലെ ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നടപ്പാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ലോറി തൊഴിലാളികളെ ആ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. ടെമ്പോ, ട്രക്കർ, സർവ്വീസ് നിയമ വിധേയമാക്കുന്നത് ക്ഷേമ നിധി ബോർഡിന്റെ പരിധിയിൽ വരുന്നതല്ല. അതാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു വിഷയം. ഓട്ടോറിക്ഷാ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം ഉടമകളിൽ നിന്നും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പദ്ധതിയുടെ വകുപ്പ് 14/(2)(1) പ്രകാരം തൊഴിലുടമകൾ അംശാദായം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിന് വീഴ്ച വരുത്തിയാൽ റവന്യൂ റിക്കവറി നടപടിയിലൂടെ അംശാദായം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനായി കേരള റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 73 അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അതുപോലെ തന്നെ സ്വകാര്യ ബസ് തൊഴിലാളികളിൽ നിന്നും കേരള മോട്ടോർ ക്ഷേമനിധി നിയമത്തിലെ വകുപ്പ് 85-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന അസസ്മെന്റിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളെ സംബന്ധിച്ചിടത്തോളം കഴമ്പുണ്ടെന്ന് പൂർണ്ണബോദ്ധ്യം വരുന്ന കേസുകളിൽ മാത്രമേ സ്റ്റേ അനുവദിക്കുകയുള്ളൂ. ലൈറ്റ് മോട്ടോർ വെഹിക്കിൾസ് മേഖലയിലെ തൊഴിലാളികൾക്ക് 20-12-1999 മുതൽ കുറഞ്ഞ കൂലി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായ ഈ വിഭാഗം തൊഴിലാളികളുടെ സഹകരണം വേണ്ടത്ര അളവിൽ ലഭിക്കാത്തതിനാൽ ക്ഷേമനിധി നിയമം നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. മോട്ടോർ തൊഴിലാളികൾക്ക് നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹാരം നിർദ്ദേശിക്കുന്നതിനും, വ്യവസായത്തിന്റെ പുന:സംഘടനയ്ക്കും ഒരു ഉന്നതലകമ്മിറ്റിയെ നിയോഗിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

(11) ഡ്രെയിനേജ് സൗകര്യമില്ലാത്ത വീട്ടുടമകളിൽ നിന്നും ഡ്രെയിനേജ് കരം ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്ന ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വീട്ടുടമകളിൽ നിന്നും വീട്ടുകരത്തോടൊപ്പം ഡ്രെയിനേജ് കരം കൂടി ഈടാക്കുന്നത് ന്യായീകരിക്കാനാകാത്തതാണ്. 25-6-1997-ൽ നിയമസഭയിൽ ഒരു സബ്മിഷനിലൂടെ ഞാൻ ഇത് ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വരെ ഡ്രെയിനേജ് നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട് എന്നും, കോർപ്പറേഷൻ മേയറുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ എത്രയും വേഗം അന്തിമ തീരുമാനമെടുക്കുമെന്നും 25-6-1997-ൽ ബഹുമാനപ്പെട്ട മന്ത്രി എനിക്ക് ഉറപ്പ് നൽകിയിരുന്നതാണ്. എന്നാൽ ഇതേവരെ ഒരു തീരുമാനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇപ്പോഴും ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വീട്ടുടമകളിൽ നിന്നും ഡ്രെയിനേജ് ടാക്സ് പിരിച്ചുകൊണ്ടിരിക്കുന്നു. അത് സിവറേജ് ആയിരുന്നാലും, സർഫസ് ഡ്രെയിൻ ആയിരുന്നാലും എത്രയോ വാർഡുകളിൽ ഡ്രെയിനേജ് ഇല്ല, എത്രയോ വാർഡുകളിൽ സർഫസ് ഡ്രെയിൻ ഇല്ല. സർഫസ് ഡ്രെയിൻ ആയാലും, ഡ്രെയിനേജ് ആയിരുന്നാലും ഇല്ലാത്ത എത്രയോ വാർഡുകൾ തിരുവനന്തപുരം നഗരസഭയിൽ ഉണ്ട്. അവരിൽ നിന്ന് ഇന്ന് ടാക്സ് ഈടാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ നഗരപാലികാ നിയമത്തിൽ ഇത് ഒഴിവാക്കാനാവശ്യമായ വ്യവസ്ഥയുണ്ട്. ഇങ്ങനെ ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും ഡ്രെയിനേജ് നികുതി ഒഴിവാക്കാനും അതുപോലെതന്നെ ജലനികുതി

LIBRARY ARCHIVES Kerala Legislative Assembly